**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1607** | **01.11.2019 ൽ മറുപടിയ്ക്ക്**

**കീഴാറ്റൂർ ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നടപടി**

**ചോദ്യം**

**ശ്രീ.എം.ഉമ്മർ**

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) കീഴാറ്റൂർ ഗ്രാമപഞ്ചായത്തിനെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയലിന്റെ വിശദാംശവും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

സി) പ്രസ്തുത പഞ്ചായത്തിനെ കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിലൂടെ അവിടെ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

എ) & ബി) & സി) മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജക മണ്ഡലത്തിലെ തെങ്ങുകൃഷി വ്യാപകമായുള്ളതും മുൻ വർഷങ്ങളിൽ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താത്തതുമായ കീഴാറ്റൂർ പഞ്ചായത്തിനെ 2019-20 വർഷം കൃഷി വകുപ്പിന്റെ നാളികേര വികസന പദ്ധതിയായ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് കൃഷി ഡയറക്ടറേറ്റിലെ ഫയൽ നം. റ്റിബി(1)13192/2019 പ്രകാരം 17.07.2019 ന് മലപ്പുറം ജില്ല ഉൾപ്പെടെയുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് അയച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം എന്നീ പദ്ധതികളും സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണു വളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിള കൃഷി എന്നിവയും നടപ്പിലാക്കുന്നു. ഇതിന് പുറമേ മിനി കയർ നിർമ്മാണ/ സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും തുടങ്ങുവാനും പ്രോത്സാഹനം നൽകുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**

TB (1) 13192/2019

Directorate of Agricultural Development
and Farmers Welfare Department
VikasBhavan, Thiruvananthapuram
Dated: 17 -07-2019

From

Director of Agriculture

To

Principal Agricultural Officers
Thiruvananthapuram, Kollam,Alappuzha, Kottayam,Ernakulam, Thrissur, Palakkad, Malappuram, Kozhikode, Wayanad, Kannur

Sir

Sub:- Implementation of Keragramam during 2019-20 Panchayats selected- second list communicating of – reg;-

Ref:- Circular no. TB(1) 13192/2019 dated 12-4-2019 of the Director of Agriculture

Attention is invited to the reference cited. List of additional 24 Keragramam Panchayats selected during 2019-20 is enclosed herewith. Kindly verify the list and report anomalies if any, urgently. Panchayat level Kera Samithies are to be constitued immediately in consultation with Hon'ble MLAs. The scheme components may be implemented as per the guidelines communicated vide circular referred above.

Encl: 1

Yours faithfully
Sd/-
Additional Director of Agriculture(CP)
for Director of Agriculture

True Copy

RAJAN S.
Assistant Director of Agriculture
Directorate of Agriculture Development
and Farmer's Welfare
Vikas Bhavan, Thiruvananthapuram

E-mail sent ..... am/pm
on 22/7/19 ..... by ......

KERAGRAMAM SELECTED FOR 2019-20- 2nd List as on 17-7-2019

| Sl.No | DISTRICT | CONSTITUENCY | PANCHAYAT | Remarks |
|---|---|---|---|---|
| 1 | Kozhikode | Elathur | Thalakkulathur | |
| 2 | Kollam | Karunagappally | Thazhava | |
| 3 | Palakkad | Tharur | Vadakkanchery | |
| 4 | Palakkad | Tharur | Kannambra | |
| 5 | Kannur | Koothuparamba | Thrippangottur | |
| 6 | Kottayam | Puthuppally | Puthuppally | |
| 7 | Thiruvananthapuram | Nemom | Nemom-Melancode | single keragramam |
| 8 | Alappuzha | Kayamkulam | Bharanikavu | |
| 9 | Palakkad | Kongad | Thachampara | |
| 10 | Kannur | Thalassery | Kathirur | |
| 11 | Malappuram ✓ | Nilambur ✓ | Amarambalam ✓ | Suggested by Sri. Abdul Wahab MP- LAConstituency may be reported |
| 12 | Thiruvananthapuram | Vamanapuram | Vamanapuram-Kallara | single keragramam |
| ✓ 13 | Malappuram | Manjeri ✓ | Keezhattur ✓ | |
| 14 | Palakkad | Thrithala | Paradur | |
| 15 | Malappuram | Thirur ✓ | Thirunavaya ✓ | |
| 16 | Thrissur | Wadakkancherry | Tholur | |
| 17 | Thrissur | Chalakkudy | Kodakara | |
| 18 | Malappuram | Kotttakkal ✓ | Kuttippuram ✓ | |
| 19 | Malappuram | Mankada ✓ | Mankada / Thirumaradi | |
| 20 | Ernakulam | Piravam | Pampakkuda | |
| 21 | Wayanad | Sulthan Bathery | Poothady | single keragramam |
| 22 | Malappuram | Eranad ✓ | Oorgattiri | |
| 23 | Kollam | Kundara | Nedumbaram | |
| 24 | Kannur | Kannur | Chelora | |

Sd/-
Additional Director of Agriculture(CP)
For Director of Agriculture

True Copy

RAJAN S.
Assistant Director of Agriculture
Directorate of Agriculture Development
and Farmer's Welfare
Vikas Bhavan, Thiruvananthapuram - 33

Deputy [illegible] of Agriculture (CD)
Agriculture Development and
Farmers Welfare Directorate
Vikas Bhavan, Tvm - 33

തിരുവനന്തപുരം ഓഫീസ്. TB (5) 4165/19. dt:- 22/07/19.

എല്ലാ എം.ഡി.എ-മാർക്കും എ.ഒ-മാർക്കും അറിവിലേക്കും [illegible]-

Mayap
സെക്ഷൻ ഓഫീസർ